Bund ഗവൺമെൻറിൽനിന്നും വളരെ പണം ചിലവുചെയ്തു ഉണ്ടാക്കിയതാണെങ്കിലും ഇപ്പോൾ വേണ്ടുന്നതായ നോട്ടമൊ, രക്ഷയൊ ഇല്ലാത്തതുകൊണ്ടു യാതൊരുവിധ ഉപകാരവും ഇല്ലാത്ത നിലയിൽ ആയിതീർന്നിട്ടുണ്ട്. തന്നിമിത്തം അയൽവക്കം കൃഷിക്കാർക്കു സാരമായ ദോഷം നേരിട്ടുവരുന്നതും ഉണ്ട്. അതുകൊണ്ടു ഇതിൻെറ ഗൌരവത്തെയും അടിയന്തിരമായ ആവശ്യത്തെയും ആലോചിച്ചു ഈ Bund നു വേണ്ടുന്നതായ റിപ്പയറുകൾ ഉടനെ ചെയ്യാനായി അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. M. A. Sankunny *(Nominated).*—I second it.

Dr. E. S. R. Menon *(Director of Public Health & Panchayat).*—There is already a provision of Rs. 2,600 in the Panchayat budget and estimates have been prepared. The work will be taken up this year.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ *(Cherwiruthi).*— ഗവൺമെണ്ടിൻെറ അനുകൂലമായ മറുപടി കേട്ടതുകൊണ്ടു ഈ പ്രമേയത്തെ പിൻവലിക്കുന്നതിനു അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

Resolution was, by leave, withdrawn.

32. Remodelling of the Ernakulam Public Library.

Mr. A. V. Moothedan *(Chalakkudi).*—*"This Council recommends to Government that the Ernakulam Public Library and Reading Room may be made an up-to-date Library on the model of the Trivandrum Public Library and that a committee consisting of three members of whom one may be the President of the Ernakulam Public Library may be appointed for suggesting ways and means for the same".*

My object in moving this resolution is only one thing. We must have an up-to-date decent library in the State. To suggest ways and means for achieving that object, a small committee may be appointed. Regarding the utility of a Public Library no speech is required. Every Member will realise in these modern days a public library is a national asset. As the Director of Public Instruction remarked the other day we must make the Maharaja's College a model institution. Similarly we must have a model library at Ernakulam. At present there are no libraries in the State worth the name. But I know there is a model library at Trivandrum. I appreciate the Trivandrum Library and its working. There is at Trivandrum, the Public Library association and there is the working committee of the Public Library Association and the Honorary Secretary to look after the Library. Then we have the librarian and the permanent

LIBRARY ARCHIVES Kerala Legislative Assembly

staff of the Library who are all Government servants. The members of the working committee and the Honorary Secretary may charge but the staff remains. The Travancore Government make certain grants for the working of the Library and the Government provide the staff. Regarding our library the Government do not do anything apart from giving a hall and this Rs. 600. If such a useful institution as the library were left in the hands of non-officials, there will be no progress. So what I suggest is that the Government should take over the management of the library, at the same time sharing this responsibility with the Public Library Association, as in Trivandrum. We must appoint a small Committee to suggest ways and means how this can be done. I do not think that this committee will cost more than Rs. 15. But that is all a question of detail. Regarding the personnel of the Committee I am not very particular whether the President of the Library is a member or not. One defect with the working of this Library is it is not very popular. They keep the subscription very high. In the Trivandrum library there are three classes of members—members paying Rs. 2, as. 8 and 4 as. respectively. Even a college boy can become a member. Members paying 4 as. can take one book, those paying 8 as. 2 books and those paying Rs. 2 ten books. Regarding the unsatisfactory state of our Library I happend to read an article in the "Malabar Mail". It is stated there "after sixty-six years there are 7000 volumes in the Library. The reference section is very poor and requires substantial addition. Many of the volumes are too old and require to be bound and accommodation is insufficient". This is the state of affairs in the library. I had a talk with some non-official members. One of them said that he would support the resolution if the Library is at Trichur.

Mr. K. Ayyappan *(Ezhuvas South).*— You are betraying us.

Mr. A. V. Moothedan *(Chalakkudi).*—Trichur is the non-official capital of the State. There the non-officials are so powerful that they can organize an excellent Library even without Government help. Here we want Government support. Therefore I suggest that the Government should do something to make this a modern and decent Library.

Mr. V. K. Kutty *(Muslims).*—I second it.

Mr. V. K. Krishnankutty *(Anthikad.)*—Sir, I wholeheartedly support the resolution and all the sentiments of the Hon'ble Member for Chalakuddi who is in sympathy with

LIBRARY ARCHIVES Kerala Legislative Assembly

the library movement. In passing he made certain remarks about the Trichur Library. I think I will be failing in my duty if I do not say a few words about this. The public library at Trichur was started about half a century ago and has been running on a grant given by the Government. Mr. Moothedan was reading from a paper that the Ernakulam library is having 7000 books. But in Trichur the number of books is only 4150. But I shall just give the statistics of the Ernakulam public library with those of the Trichur public for comparison. The number of books issued in Ernakulam in 1108 is only 2312 but in Trichur 4365 books were issued. In 1109 Trichur issued 4818 books while Ernakulam issued only 3605. In 1110 Trichur library issued 4956 books while Ernakulam library issued only 3688. For 1111 the statistics of Ernakulam library are not known. In 1111 Trichur library issued 5786 books. The population of Ernakulam is only 36638 while Trichur has a population of 45658. I hope I am not boring this House with so many statistics, but they are facts. I stand here to support my contention. I do not know what the average daily attendance in this library is.

Mr. A. V. Moothedan *(Chalakkudi).*—It is sixty.

Mr. V. K. Krishnankutty *(Anthikad).*—It is 150 in Trichur. About the building in which the library is housed I will only just read certain remarks made by persons who will be considered even by Government as authorities. One of our Diwans, I think it was Mr. C. G. Herbert, has remarked in the visitors book that "Trichur library must be serving a considerable need in Trichur. The building is not entirely satisfactory. It is both dark and airless". Again a person who can be considered as an authority on education, the vice chancellor of a University, has remarked in the same visitors book that this library requires improvement in many respects. In 1106 a new building was sanctioned. But it was afterwards stated that "it would not be possible to find money this year and that it will have to wait till 1108." In 1108 it was ordered that this will be considered when the budget of 1109 was framed. In 1109 again it was said that this will be considered when the budget of 1110 was prepared. Again in 1110 we were told that this will be considered in 1111. Finally we were informed on the 21st of March 1936 that the "question of constructing a building for the Trichur Public Library will lie over." I think it is to lie over indefinitely.

Then with regard to the question of grants. The library at Ernakulam is now receiving a grant of Rs. 600, for well nigh

LIBRARY ARCHIVES Kerala Legislative Assembly

half a century. We have been receiving for many years only nearly Rs. 100. It was only in 1914 that the grant was raised to Rs. 275. In the year 1934 it was raised to Rs. 300. In the year 1935 it was raised to Rs. 400. (Diwan's Proceedings dated 19th March 1935.) A request was made to raise the grant to Rs. 600, but the reply was that it could not be allowed for want of funds. The Trichur library, from the above it will be seen, is serving a larger number of people. We asked for better grant, better building and so many other things. I am now reminded of a simile given by the Hon'ble Member for Mulakunnathukavu. It is to the effect that it will be very awkward to look at if one part of the body is strongly nourished and the other parts are allowed to starve. That will be an awkward situation. So what I beg to submit is that before any reform is effected with regard to the Public Library at Ernakulam the wants of the library at Trichur may also be attended to.

Mr. E. Ikkanda Warriar *(Urakam).*—I wish to support this Resolution but with a reservation and that reservation is this. When I move resolution No. 34 (in the agenda) asking for a village library for Moorkanikara the Government should not say that all our funds have been voted for the improvement of the Ernakulam library and we have no further funds this year or next year. If Government is not going to say that I support this resolution.

* മിസ്റ്റർ പോപ്പട്ടലാൽ ഗോവർദ്ധനലാലൻ *(Mattancheri North).*— ഞാൻ ഈ പ്രമേയത്തെ ഹൃദയപൂർവ്വമായി പിൻതാങ്ങുന്നു. മട്ടാഞ്ചേരിയിലും ഒരു ലൈബ്രറിയുടെ അത്യാവശ്യമുണ്ടെന്നുള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുവാനായിട്ട് ഒരു അവസരം കിട്ടത്തക്കവണ്ണം ഈ പ്രമേയം അവതരിപ്പിച്ച മെമ്പറെ ആദ്യമായി എനിയ്ക്ക് അഭിനന്ദിക്കാതെ നിവൃത്തിയില്ല. ഇദ്ദിവപേരുരും, എറണാകുളത്തും ഉള്ള ലൈബ്രറികളുടെ കണക്കുകളെല്ലാം ഇവിടെ താരതമ്മ്യപ്പെടുത്തി പറഞ്ഞു കഴിഞ്ഞു. ഇപ്പോൾ മട്ടാഞ്ചേരിയിൽ യാതൊരു ലൈബ്രറിയും ഇല്ലാതെയാണിരിക്കുന്നത്. മട്ടാഞ്ചേരിയുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യുതരണമെന്നാവശ്യപ്പെടുമ്പോൾ ട്രഷറി ബഞ്ചിലിരിക്കുന്നവർ എതിർക്കുകയാണു ചെയ്യുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ലൈബ്രറിയുടെ കാര്യത്തിൽ ഇതുവരെയും ഒരു പ്രമേയം അവതരിപ്പിച്ചിട്ടില്ലാത്തത്. എറണാകുളത്തും ഇദ്ദിവപേരുരും ഉള്ളതുപോലെ ഒരു ലൈബ്രറി മട്ടാഞ്ചേരിയിൽ വേണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ; എങ്കിലും ആ തരത്തിൽ ഞങ്ങൾക്ക് ഒരു ലൈബ്രറി കിട്ടുന്നതു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു യാതൊരു വിരോധവുമില്ല. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ മട്ടാഞ്ചേരിക്കു ഒരു ലൈബ്രറി തന്നാൽ കൊള്ളാം. അന്യരാജ്യങ്ങളിൽനിന്നും യോഗ്യന്മാരായ ആളുകൾ മട്ടാഞ്ചേരിയിൽ വരികയും, ലൈബ്രറിയിൽ പുസ്തകം വായിക്കണമെന്നു ആഗ്രഹത്തിന്മേൽ അവർ ലൈബ്രറി എവിടെയിരിക്കുന്നുവെന്നു ചോദിക്കുകയും ചെയ്താൽ ഏതു ഭാഗമാണു കൂണ്ടിക്കാണിച്ചു കൊടുക്കേണ്ടതെന്നു ഞങ്ങൾക്കറിവില്ല. ആ സംഗതി ഗവമ്മെൻറിൽനിന്നും ദയവായി ഒന്നു പറഞ്ഞു മനസ്സിലാക്കിയാൽ കൊള്ളാം.

മട്ടാഞ്ചേരിയിൽ ഇപ്പോൾ ക്രൂതലായി കാണിച്ചുകൊടുക്കേണ്ട സ്ഥലം മിക്കവാറും കായലാണ്. എറണാകുളവും കൊച്ചിയും തമ്മിൽ അകലമില്ല; അതുകൊണ്ടു എറണാകുളത്തു കൊണ്ടുവന്നു കാണിക്കാമെന്നു പറയുമായിരിക്കാം. ആവക കാരണങ്ങളൊന്നും പറയാതെ ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും തൃശ്ശൂരും എറണാകുളത്തും ഉള്ള ലൈബ്രറികൾ നന്നാക്കുന്നതോടുകൂടിതന്നെ മട്ടാഞ്ചേരിക്കും ഒരു ലൈബ്രറി സ്ഥാപിച്ചു തരണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. K. Ayyappan *(Ezhuvas South).*—May I know from the Government whether the Trichur or the Ernakulam library has received any donation from the public?

Rao Sahib I. N. Menon (*Director of Public Instruction*).—I have no information.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു. എറണാകുളം ടൌൺ കൊച്ചീരാജ്യത്തിലെ ഒരു പ്രധാന നഗരിയാണ്; ദക്ഷിണേൻഡ്യയിലെ സൌന്ദര്യറാണിയായി പരിലസിയ്ക്കുന്ന കൊച്ചീരാജ്യത്തിൻറെ കണ്ണായ എറണാകുളത്തു് ഒരു ലൈബ്രറിയുള്ളതിനെ ഏതെല്ലാംവിധത്തിൽ പരിഷ്കരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് ഒരു പ്രത്യേക വിമർശനമൊന്നുമാവശ്യമില്ല. എറണാകുളം ലൈബ്രറിയെ പരിഷ്കരിയ്ക്കണം, അതിനൊരു വലിയ്ക്കണം, അതിന്നു ഒരു കമ്മിറ്റിയെ രൂപീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടു് ഉപക്ഷേപമോ അതല്ല പ്രമേയമോ കൊണ്ടുവരുമ്പോൾ, മട്ടാഞ്ചേരിയിലെ പ്രതിനിധികൾ മട്ടാഞ്ചേരി നിവാസികൾക്കു് അത്യന്താപേക്ഷിതമായ ഓരോ സംഗതിയേയുംപറ്റി ആവശ്യപ്പെട്ടപ്പോൾ അവിടെ മുനിസിപ്പാലിറ്റിയുണ്ടെന്നും മറ്റും ഗവമ്മെണ്ടു പറഞ്ഞതുപോലെയുള്ള മനോഭാവംവച്ചുകൊണ്ടു് എറണാകുളം നിവാസികളുടെ അപേക്ഷകൾക്കു് മറുപടി പറയുകയില്ലെന്നുള്ള പൂർണ്ണവിശ്വാസം എനിയ്ക്കുണ്ടു്. നമ്മുടെ ഗവമ്മെണ്ടു് എന്നു പറയുന്നതു് ഇവിടത്തെ ഉദ്യോഗസ്ഥന്മാരാണു്. എറണാകുളം പട്ടണത്തിൽ ഉദ്യോഗസ്ഥമുഖ്യന്മാരും അവരുടെ സംബന്ധികളും കുബേരന്മാരുമായ മറ്റു പല മാന്യന്മാരും ഉള്ളതുകൊണ്ടു് എറണാകുളം മുനിസിപ്പാലിറ്റിയോടു ചോദിക്കാതെതന്നെ എറണാകുളം നിവാസികൾ

LIBRARY ARCHIVES Kerala Legislative Assembly

ക്ക ഗവമ്മെണ്ടു ഇതു ചെയ്യുകൊടുക്കുമോ എന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. എറണാകുളം ലൈബ്രറിയ്ക്കു പണമനുവദിച്ചു പരിഷ്കരിക്കണമെന്നു പറയുമ്പോൾ, തൃശ്ശൂർ ലൈബ്രറിയ്ക്കു് ഇതേ അനുവദിച്ചിട്ടുള്ളൂ; അതുകൊണ്ടു് ആ ലൈബ്രറിയ്ക്കുകൂടി പണമനുവദിക്കണമെന്നു കാണിയ്ക്കുവാൻവേണ്ടി അവിടത്തെ സ്റ്റാററിസ്റ്റുകളൊന്നും എട്ടുത്തു വായിച്ചിട്ടു യാതൊരു കായ്വുമില്ല. എറണാകുളത്തു താമസിയ്ക്കുന്ന വലിയ ഉദ്യോഗസ്ഥന്മാരെപ്പോലെ തൃശ്ശൂരിൽ വലിയ ഉദ്യോഗസ്ഥന്മാർ താമസിച്ചുവരുന്നില്ലെങ്കിലും ഇവരിൽ അധികംപേരുടേയും സ്വന്തനാടു് അവിടെയായതുകൊണ്ടു് അവിടത്തെ ലൈബ്രറിയ്ക്കും കുറച്ചൊക്കെ സംഖ്യ അനുവദിയ്ക്കാതിരിയ്ക്കുകയില്ല. ഈ ഉദ്യോഗസ്ഥമുഖ്യന്മാക്കാവട്ടെ അവരുടെ ബന്ധുമിത്രങ്ങൾക്കാകട്ടെ യാതൊരുവിധ ബന്ധത്തിന്നോ താല്പര്യങ്ങൾക്കോ വിധേയമാകാത്ത അഞ്ചോ ആറോ വില്ലേജുകൾ അടങ്ങീട്ടുള്ള പഞ്ചായത്തുകൾക്കുപോലും ഉൾനാടുകളിൽ ഒരു ലൈബ്രറിയില്ല. ഓരോ പഞ്ചായത്തിലെ ഓരോ വില്ലേജിന്നും ഓരോ റൂറൽ ലൈബ്രറി അത്യന്താപേക്ഷിതമാണെന്നു് ഗവമ്മെണ്ടിന്നു് മനസ്സിലായിട്ടും ഒരു പഞ്ചായത്തിനു തന്നെ ദുർല്ലഭമായിട്ടെങ്കിലും ലൈബ്രറി നടത്തുവാൻവേണ്ടി പണമനുവദിയ്ക്കാത്ത ഗവമ്മെണ്ടു് ആ ന്യായംവച്ചുകൊണ്ടു് രാജ്യത്തിന്റെ പ്രധാന നഗരിയായ എറണാകുളം പട്ടണത്തിലെ ലൈബ്രറിയ്ക്കു പണമനുവദിയ്ക്കണമെന്നുള്ള നിർഗതിയിൽ തൊടന്യായങ്ങൾ പറഞ്ഞു പിൻവാങ്ങുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു് ഒരിക്കലും ഭ്രഷണമല്ല.

നമ്മുടെ നാട്ടിൽ അന്യരാജ്യത്തിൽനിന്നും ആളുകൾവന്നാൽ ഇവിടെയുള്ള മഹിമ മനസ്സിലാക്കിപോകുന്നതു് ഇതുപോലെയുള്ള പട്ടണങ്ങൾ സന്ദർശിച്ചിട്ടാണു്. വെറും എല്ലും തൊലിയും മാത്രമായി ശേഷിച്ചിട്ടുള്ള ഉൾനാട്ടിലെ സ്ഥിതിഗതികളെ അന്യരാജ്യക്കാർ കാണുന്നില്ല. അവർ ടൌണിൽവന്നു കാണുമ്പോൾ എറണാകുളത്തിനു തുല്യമായ ഒരു പട്ടണം വേറെ ഇല്ലെന്നും അതു നാകതുല്യമായ ഒരു പട്ടണമാണെന്നും മനസ്സിലാക്കിക്കൊണ്ടു് പുറമെയുള്ള രാജ്യങ്ങളിൽ ഇവിടത്തെ മേന്മയെക്കുറിച്ചു പ്രശംസിക്കുമെന്നും തൃശ്ശൂർ പട്ടണനിവാസികളെപ്പോലെ പത്രപാരായണവും പുസ്തകവായനയും എറണാകുളം പട്ടണനിവാസികൾ ചെയ്യുന്നില്ലെങ്കിൽകൂടി വിദേശികളുടെ പ്രശംസയേയും അഭിസംബോധനത്തേയും പ്രതീക്ഷിച്ചിട്ടെങ്കിലും ഈ എറണാകുളം ടൌണിൽ ഉള്ള ലൈബ്രറി പരിഷ്കരിയ്ക്കുന്നതു് ആവശ്യമാണെന്നുമാണു് ഞാൻ പറയുന്നതു്. അതിലേയ്ക്കുവേണ്ടി ഗവമ്മെണ്ടു കുറെ പണം ചിലവുചെയ്തു് ഇവിടത്തെ ലൈബ്രറിയെ അഭിവൃദ്ധിപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— ഈ പ്രമേയത്തെക്കുറിച്ചു് ഇവിടെ ഉണ്ടായിട്ടുള്ള വാദഗതി അതു ശരിയായിട്ടുണ്ടെന്നു് എ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

നിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട അന്തിക്കാട്ട മെമ്പറവർകൾ ഇവിടെ വായിച്ച കണക്കുകൾ എന്തുതന്നെ വ്യക്തമാക്കുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട വടക്കെ ഈഴവ മെമ്പരുടെ ഒരുദ്ദേശം ഉദ്ദേശിച്ചുകൊണ്ടു വേറെ അർത്ഥം പറയത്തക്ക വിധത്തിലുള്ള പ്രസംഗത്തിന്റെ ഉദ്ദേശമെന്തുതന്നെയായാലും വില്ലേജു ലൈബ്രറികൾ ഏർപ്പെടുത്തി അവക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള ആഗ്രഹംതന്നെ അതിൽനിന്നു പ്രകടീകൃതമായാലും ഈവക തിരക്കുകളുടേയും മത്സരത്തിന്റേയും ഇടയ്ക്ക് എറണാകുളം ലൈബ്രറിയുടെ കാര്യം ഗവമെണ്ടു തള്ളിക്കളയുന്നപക്ഷം അതു് വലിയൊരു കഷ്ടമായിരിക്കുമെന്നാണെന്റെ അഭിപ്രായം. അതുകൊണ്ടിവിടെ വന്നിട്ടുള്ള വാദഗതികളൊന്നും ഇതിനു് ബാധകമായിട്ടുള്ളതല്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

തിരുവനന്തപുരത്തെ രീതിയിൽ ഒരു പബ്ലിക്ക ലൈബ്രറി ഇവിടെ വേണമോ വേണ്ടയോ എന്നുള്ള സംഗതിയിൽ അവിടത്തെ രീതി ഏങ്ങിനെയാണെന്നു എനിക്ക അറിവില്ലാത്തതുകൊണ്ടു് നിശ്ചയമില്ല. ഏതുവിധത്തിലായാലും കൊച്ചീരാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കും വിദ്യാഭ്യാസപരമായി കൊച്ചീരാജ്യത്തിനു കിട്ടീട്ടുള്ള വളർച്ചക്കും ഈ രാജ്യത്തിലെ ഏതെങ്കിലുമൊരു പ്രധാന നഗരത്തിൽ ഒരു പബ്ലിക്ക ലൈബ്രറി അത്യാവശ്യമായിട്ടുള്ളതാണു്. അതു തൃശ്ശൂരൊ എറണാകുളത്തൊ എവിടെയായാലും വിരോധമില്ല. പക്ഷെ അതെവിടെയാണു് വേണ്ടതെന്നു സംഗതിയാണു് പ്രധാനമായിട്ടു ആലോചിക്കാനുള്ളതു്. ഇതിൽ ഏതെങ്കിലും ഒരു ടിക്കിൽ ലൈബ്രറി വെക്കുന്നപക്ഷം വേറൊരു ടിക്കുകാക്കു കുറച്ചു സൌകര്യം കുറഞ്ഞുവെന്നുവരാം. എന്റെ അഭിപ്രായത്തിൽ ഇപ്പോൾ മഹാരാജാസ് കോളേജു് ഇരിക്കുന്നസ്ഥലത്തു ആയിരിക്കണം കൊച്ചീരാജ്യത്തുള്ള ഈ ഒരു മഹാസ്ഥാപനം നടത്തേണ്ടതെന്നാണു്. തൃശ്ശൂരും എറണാകുളത്തും ഇപ്പോഴുള്ള ലൈബ്രറികളെ നിലനിത്തിക്കൊണ്ടുതന്നെ ഒരു ഒന്നാംതരം സ്റ്റേറ്റു് ലൈബ്രറി ആ സ്ഥലത്തു സ്ഥാപിക്കണമെന്നാണെന്റെ അഭിപ്രായം. പക്ഷെ ആ വിധത്തിലുള്ള ലൈബ്രറി സ്ഥാപിക്കാൻ ഗവമെണ്ടിനു സാധിക്കുകയില്ലെങ്കിൽ ഇപ്പോൾ എറണാകുളത്തുള്ള പബ്ലിക്കു് ലൈബ്രറിയെതന്നെ വളത്തി അതിനു സ്റ്റേറ്റു് ലൈബ്രറിയുടെ ഒരു സ്ഥാനം കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

ബഹുമാനപ്പെട്ട അന്തിക്കാട്ട മെമ്പറവർകൾ വായിച്ച കണക്കിൽ ഒരു ചെറിയ പിശകുണ്ടു്. അതെന്താണെന്നുവെച്ചാൽ, എറണാകുളം ലൈബ്രറിയിൽനിന്നു് പുറത്തേയ്ക്കു കൊടുത്തിട്ടുള്ള പുസ്തകങ്ങളുടെ കണക്കുകൊണ്ടു വായിക്കുന്ന പുസ്തകങ്ങളുടെ തോതു് ശരിയാകയില്ല. ഇവിടത്തെ മഹാരാജാസ് കോളേജിൽ ഒരു വലിയ ലൈബ്രറിയുള്ളതുകൊണ്ടു ധാരാളം ആളുകൾ അവിടെനിന്നു വളരെ അധികം പുസ്തകങ്ങൾ എടുത്തു വായിക്കുന്നുണ്ടു്. ഈ രീതിയിൽ വായിക്കുന്ന ആളുകളുടെ എണ്ണ

LIBRARY ARCHIVES Kerala Legislative Assembly

വും ക്രൂരതലായി കണക്കാക്കേണ്ടതാണ്. ഈ സംഗതിയെ സംബന്ധിച്ച് പിന്നീട് സംസാരിക്കാൻ എനിക്ക് സൌകര്യം കിട്ടാത്തതുകൊണ്ട് ബഹുമാനപ്പെട്ട അന്തിക്കാട് മെമ്പറുടെ ഒരു സൂചനയ്ക്കുകൂടി മറുപടി പറഞ്ഞേക്കാം. ഇവിടെ മഹാരാജാസ് കോളേജിൽ ഉള്ളതുപോലെ തൃശ്ശൂരിൽ സെൻറ് തോമാസ് കോളേജിലും ലൈബ്രറി ഉണ്ടെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പക്ഷെ അതു മഹാരാജാസ് കോളേജിലെ ലൈബ്രറിപോലെ അത്ര നല്ലതോ വലുതോ ആയ ഒന്നാണെന്ന ഞാൻ വിചാരിക്കുന്നില്ല. കൊച്ചീരാജ്യത്തുള്ള എല്ലാ വില്ലേജുകളിലും ഓരോ ലൈബ്രറി വേണം; മുക്കനികരയിലും ചാലക്കുടിയിലും വേണം; ബാക്കി സൌകര്യമുള്ള വില്ലേജുകളിലെല്ലാം വേണം; ഈവക ആവശ്യങ്ങളൊന്നും കൊച്ചീരാജ്യത്തു സൌകര്യമുള്ള ഒരു സ്ഥലത്തു ഒരു ഒന്നാംതരം സ്റ്റോറു് ലൈബ്രറി സ്ഥാപിക്കേണ്ടതിൻെറ ആവശ്യത്തെ നിഷേധിക്കുന്നില്ല. സ്റ്റോറു് ലൈബ്രറിയും അതുപോലെയുള്ള മറു മഹാ സ്ഥാപനങ്ങളും ഒരു പ്രധാന നഗരത്തിലല്ലാതെ ഗ്രാമത്തിൽ സ്ഥാപിക്കാൻ സാധിക്കുകയില്ല. ഈ സംഗതിയെ സംബന്ധിച്ചു് നിഷ്പക്ഷമായി പറയുന്നപക്ഷം അതു തലസ്ഥാനത്തിൽ ആയിരിക്കണമെന്നാണെൻെറ അഭിപ്രായം. ഇങ്ങിനെയുള്ള നല്ല കാര്യങ്ങളെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ അനാസ്സാരമില്ലാത്തവിധത്തിലും അത്മമില്ലാത്ത നിലയിലും ആക്ഷേപിക്കുന്നതു ശരിയല്ല. അതുകൊണ്ട് ഒരു ഒന്നാംതരം സ്റ്റോറു് ലൈബ്രറി ഈ എറണാകുളത്തുതന്നെ സ്ഥാപിക്കുന്നതിനു വേണ്ട സകല പ്രവൃത്തികളും ഉടനെ ചെയ്യണമെന്നാണു് ഞാൻ ഗവൺമെണ്ടിനോടു് അപേക്ഷിക്കുന്നതു്. സ്റ്റോറു് ലൈബ്രറിയിൽ അത്യാവശ്യവും പ്രാധാന്യമേറിയതും അപൂർവ്വങ്ങളുമായ റിസർച്ചുവക്കു ചെയ്യുന്ന ആളുകളുടെ ആവശ്യത്തിനുവേണ്ടിയുള്ള പുസ്തകങ്ങളും ഉണ്ടായിരിക്കേണ്ടതാണു്. മറു പുറമേയുള്ള ലൈബ്രറികളിൽ മദ്രാസ് യൂനിവേഴ്സിറ്റി ലൈബ്രറിയിൽ ചെയ്യുവരുന്നമാതിരി പുസ്തകങ്ങളും കടംകൊടുക്കുന്ന ഏർപ്പാടും നല്ലതാണു്. അതുകൊണ്ടു് ഇവിടെ ഈ പ്രമേയം അവതരിപ്പിച്ച ചാലക്കുടി മെമ്പറുടെ തത്വത്തോടു ഞാൻ യോജിച്ചുകൊണ്ട് എറണാകുളം പട്ടണത്തിൽ ഒരൊന്നാംതരം സ്റ്റോറു് ലൈബ്രറി സ്ഥാപിക്കേണ്ടതാണെന്നപേക്ഷിച്ചുകൊണ്ടും തല്ക്കാലം വിരമിക്കുന്നു.

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി (*Trichur South*).— സർ, ഈ വിഷയത്തെ സംബന്ധിച്ചു എനിക്കും സംശയമൊന്നു പറയാതെതരമില്ല. ബഹുമാനപ്പെട്ട അഡ്വർ നിയോജകമണ്ഡലംമെമ്പർ മിസ്റ്റർ ഗോവിന്ദമേനോൻെറ പ്രസംഗം കേട്ടിട്ട് എൻെറ മനസ്സ് ഒന്ന് മാറീട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല: സ്റ്റോറു് വകയായി ഒരു ഗ്രന്ഥശാല ആവശ്യമാണോ ഇല്ലയോ എന്നുള്ള വിഷയത്തെ സംബന്ധിച്ചു് നമുക്കൊന്നും പറ്റുംവിധം ആലോചിക്കേണ്ടതില്ല. എന്നാൽ അങ്ങിനെയുള്ള ഒരു ഗ്ര

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥശാല വേണമെന്ന് ഗവമ്മെണ്ടു തീർച്ചയാക്കുനപക്ഷം അതു് ഏതു സ്ഥലത്താണു് വേണ്ടതെന്ന സംഗതിയെക്കുറിച്ചാണു് ആ ബഹുമാന്യനായ മെമ്പർ പ്രസ്താവിച്ചതു്. അദ്ദേഹത്തിന്റെ പ്രധാനമായ വാദം മഹാരാജാസ് കോളേജ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ വേണം ആ ഗ്രന്ഥശാല നിർമ്മിക്കുവാനെന്നാണു്. ഇതു മാത്രമല്ലാതെ മറെറാരു കാര്യവും അദ്ദേഹം പറഞ്ഞു ഞാൻ കേട്ടില്ല. ഇതു ഒരു തലസ്ഥാന നഗരിയായതുകൊണ്ടും മഹാരാജാസ് കോളേജു് ഒരു ഗവമ്മെണ്ടു സ്ഥാപനമായതുകൊണ്ടും ഒരു പ്രാധാന്യമുണ്ടെന്നു് സമ്മതിക്കാമെങ്കിലും ഇതേവിധത്തിലുള്ള കോളേജ് കൊച്ചീരാജ്യത്തുള്ള സ്ഥിതിക്കു അദ്ദേഹം പറഞ്ഞ ഈ ഉദാഹരണം ഇതിനു് വലിയൊരു ന്യായമായിക്കരുതാവുന്നതല്ല. സ്കൂളുകളെ സംബന്ധിച്ചു നോക്കുന്നതായാലും തൃശ്ശൂർ എറണാകുളത്തോളംതന്നെ കിടപിടിക്കും എന്നതന്നെയാണു് തോന്നുന്നതു്. പക്ഷെ അവിടെ ഗവമ്മെണ്ടു സ്കൂളുകൾ കുറഞ്ഞുവെന്നു വരാം. ഇതു എറണാകുളത്തെയ്ക്കു കൊടുക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ലെന്നു് ബഹുമാനപ്പെട്ട വടക്കെ ഈഴവമെമ്പർ പരിഹാസസൂചകമായ ഒരു പ്രസംഗംകൊണ്ടു മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ ആ മെമ്പറുടെ മനഃസ്ഥിതിയെ സംബന്ധിച്ചു ഞാൻ വളരെ വ്യസനിക്കുന്നു.

കൊച്ചീരാജ്യത്തുള്ള ഒരു പ്രധാന പട്ടണമാണു് എറണാകുളമെന്നു എല്ലാവരും സമ്മതിക്കും. എന്നാൽ കൊച്ചീരാജ്യത്തിന്റെ ക്ഷേമത്തേയും നല്ല സ്ഥിതിയേയും നല്ല പേരിനേയും നിലനിറുത്തുവാൻവേണ്ടി സ്ഥാപിക്കുന്ന ഒരു ഗ്രന്ഥശാല ഈ പട്ടണത്തിൽ മാത്രമേ സ്ഥിതിചെയ്യാൻപാടുള്ളൂവെന്നു പറയുവാൻ തരമില്ല. കൊച്ചീരാജ്യത്തിൽ അനവധി ആളുകളുണ്ടു്. അതിൽ വളരെ ചുരുങ്ങിയ ലക്ഷം ആളുകൾമാത്രമേ എറണാകുളത്തുള്ളൂ. അങ്ങിനെയുള്ള ആളുകളുടെ സൌകര്യത്തിനു വേണ്ടി അവരിവിടെ താമസിക്കുന്നതുകൊണ്ടുതന്നെ പലേതരത്തിലുള്ള ഗുണങ്ങളും ഈ പട്ടണത്തിലുണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. സാധാരണയായി വലിയ വലിയ പണക്കാരാണു് പുറമെനിന്നു പട്ടണം സന്ദർശിക്കാൻ വരുന്നതു്. അങ്ങിനെ ഉള്ളവരുടെ കണ്ണിൽ പൊടി ഇടുന്ന ഒരു സൂത്രമാണു് ഇങ്ങിനെയുള്ള വലിയ പട്ടണങ്ങളിൽ വലുതായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതു്. അവരാരും ഉൾനാടുകളിലെങ്ങും സഞ്ചരിച്ചു രാജ്യത്തെ സംബന്ധിച്ചുള്ള ക്ലേശകരമായ അന്വേഷണം നടത്തുന്നില്ല. പരമാർത്ഥത്തിൽ അവർ ഇങ്ങിനെയുള്ള വലിയ പട്ടണങ്ങൾമാത്രം സന്ദർശിച്ചിട്ടു് കൊച്ചീരാജ്യത്തെ ജനങ്ങളെല്ലാം വളരെ ക്ഷേമമായ നിലയിലും നല്ല സ്ഥിതിയിലും കഴിഞ്ഞുകൂടുന്നവരാണെന്നുള്ള ധാരണയോടുകൂടിയാണു് പോകുന്നതു്. അതുകൊണ്ടു വാസ്തവത്തിൽ അങ്ങിനെയുള്ള ഒരു ധാരണ അവരിൽ വരുത്തുന്നതുതന്നെ വളരെ തെറ്റാണു്. ഇതു് ഒരു കപടം, അല്ലെങ്കിൽ ചതിപ്രയോഗം ചെയ്യുന്ന ഒരു സമ്പ്രദായമാണു്.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക കൊച്ചീരാജ്യത്തുള്ള എല്ലാ ജനങ്ങളും, ഭൂരിപക്ഷവും നല്ല സ്ഥിതിയിൽ കഴിഞ്ഞുകൂടുന്ന ഒരു നിലയാണുണ്ടാകേണ്ടതു്. ഗ്രന്ഥശാലകൾക്കുവേണ്ടിയുള്ള കണക്കെടുത്തു നോക്കുമ്പോൾ പതിനായിരം രൂപാ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നു് ൯൦൦ രൂപാ ഈ ഗ്രന്ഥശാലയ്ക്കു മാത്രം കൊടുത്താൽ ബാക്കികൊച്ചീരാജ്യമൊട്ടുക്കുമുള്ള ഗ്രന്ഥശാലകൾക്കു കൊടുക്കാൻ ൧൦൦൦ രൂപയെ ഉണ്ടാകുകയുള്ളൂ. അനവധി ഗ്രന്ഥശാലകളുള്ളപ്പോൾ ഈ ഒരു ഗ്രന്ഥശാലയുടെ ആവശ്യത്തിനു് ൯൦൦ രൂപാ കൊടുക്കുവാൻ പാടുണ്ടോ എന്നു സംഗതി തീർച്ചയായും ആലോചിക്കേണ്ടതാണു്. എനിക്കു എന്റെ ഹിതംപോലെ ക്രൂടുതൽ സംഖ്യ ഉണ്ടാക്കുവാൻ സാധിക്കുമെങ്കിലും അതു ഏതുവിധത്തിലാണു് വിഭജിക്കേണ്ടതെന്നു സംഗതിയിലും പ്രത്യേകം ശ്രദ്ധവയ്ക്കണം. ഇതു് ഒരു വലിയ പട്ടണമാണു്; വളരെ ആളുകളുണ്ടു്; ഉദ്യോഗസ്ഥപ്രമാണികളും മറ്റും ഇവിടെയുണ്ടു് എന്നു വിചാരിച്ചു് ഇവിടത്തെ ഗ്രന്ഥശാലയ്ക്കു് വലിയൊരു സംഖ്യ മാറ്റിവെയ്ക്കുന്നതു് ശരിയല്ല. അനവധി കാര്യങ്ങൾക്കു ഈ എറണാകുളം പട്ടണത്തിൽ ഗവൺമെണ്ടിൽനിന്നും പലേ ആനുകൂല്യങ്ങളും ധനസഹായവും ചെയ്തുകൊടുത്തിട്ടുണ്ടു്. എന്നാൽ ഈ സൌകര്യങ്ങൾ മുഴുവനും നാട്ടിൻപുറങ്ങളിലും ചെയ്തുകിട്ടണമെന്നല്ല ഞാൻ പറയുന്നതു്. ഇങ്ങിനെ പൊതുവായ ഒരു സ്ഥാപനത്തിനുവേണ്ടി വലിയൊരു സംഖ്യ വിനിയോഗിക്കുന്ന കാര്യത്തിൽ എല്ലാപേക്കും അല്പമെങ്കിലും പങ്കുകിട്ടണമെന്നു പറയുന്നതു് ഒരിക്കലും തെറ്റായിരിക്കുകയില്ല. ഞാൻ പറയുന്ന സംഗതി അല്പം പോലും ലജ്ജാവഹമായിട്ടുള്ളതോ ദുഷിച്ച മനസ്ഥിതിവെച്ചുകൊണ്ടു പറയുന്നതോ അല്ല. എന്നാൽ അങ്ങിനെയൊരു ബോധംവെച്ചുകൊണ്ടു നാം തെറ്റിദ്ധരിക്കുകയാണു് ചെയ്യുന്നതു്. കൊച്ചീരാജ്യത്തിൽ ഏതെങ്കിലും ഒരു സ്ഥലത്തു ഒരു സ്റ്റേറ്റു് ഗ്രന്ഥശാല സ്ഥാപിക്കുവാൻ എത്രവേണമെങ്കിലും ചിലവുചെയ്തുകൊള്ളാം. പക്ഷെ വിദേശങ്ങളിൽനിന്നു പ്രമാണികളും കുബേരന്മാരുമായ ആളുകളിവിടെവന്നു നോക്കുമ്പോൾ പട്ടണത്തെക്കണ്ടു ഭ്രമിച്ചുവശായി നില്ക്കരുതു്. അവരെ നമ്മുടെ രാജ്യത്തിന്റെ സ്ഥിതികൾ ശരിയായി മനസ്സിലാക്കാൻ നാം ശ്രമിക്കണം. അല്ലാതെ അവരെ തെറ്റിദ്ധരിപ്പിക്കുന്നവിധത്തിൽ അനസ്സും യോഗ്യതയുമുള്ള സ്ഥാപനങ്ങൾമാത്രം ഇങ്ങിനെയുള്ള കേന്ദ്രങ്ങളിലുണ്ടാക്കുവാൻ പാടില്ല. ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖത്തേയാണു് നാം നോക്കേണ്ടതു്. അല്ലാതെ ന്യൂനപക്ഷത്തിന്റെ സുഖത്തേയല്ല. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പ്രതിക്ഷേപിക്കുന്നു.

മിസ്റ്റർ പി. സി. വക്കി (*Ernakulam North*).— സർ, വായനശാലകളെ പരിഷ്കരിക്കണമെന്നുള്ളതിനെപ്പറ്റി ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകയില്ല. അതു വേണ്ടതാണെന്നു എല്ലാവരും സമ്മതിക്കും. ഏതു വായനശാലയെ പരിഷ്കരിക്കണം; അല്ലെങ്കിൽ പ്രധാന വായനശാല എവിടെയായിരിക്കണം എന്നുള്ളതിനെപ്പറ്റിയാണു് ഇ

LIBRARY ARCHIVES Kerala Legislative Assembly

വിടെ വാദം നടന്നതു്. സംസ്ഥാനനിവാസികൾ തമ്മിലുള്ള ഈ മത്സരം ഒരു മനുഷ്യന്റെ അവയവങ്ങൾതമ്മിൽ മത്സരിക്കുന്നതുപോലെയാണെന്നു പറയാം. കൈ പറഞ്ഞു: ഞങ്ങളാണു് വേലയെടുക്കുന്നതു്, എന്നാൽ അതിന്റെ ഫലമായ ഭക്ഷണം അനുഭവിക്കുന്നതു് വയറാണു്; അതുകൊണ്ടു ഞങ്ങൾക്കു പരിശ്രമിക്കാൻ കഴിയുകയില്ല. കാൽ പറഞ്ഞു: ഞങ്ങൾ ചലിച്ചിട്ടാണു് മനുഷ്യശരീരം നടക്കുന്നതു്. ഫലം വേറെയുള്ള അവയവങ്ങൾക്കു ലഭിക്കുന്നു. അതുകൊണ്ടു ഞങ്ങൾക്കും ബുദ്ധിമുട്ടാൻ കഴിയുകയില്ല. ഒടുക്കം വയറു പട്ടിണി. കൈയും കാലും തളർന്നു. നമ്മുടെ മത്സരം അതുപോലെയാകും. ഒരു ശരീരത്തിനു് തല ഏതുവിധത്തിലാവശ്യമാണോ, കൈകാലുകളും മറ്റംഗങ്ങളുമെല്ലാം ഏതുപ്രകാരത്തിലാവശ്യമാണോ അതുപോലെ ഒരു സ്റ്റേറ്റിനു തലസ്ഥാനപട്ടണവും ചെറിയ പട്ടണങ്ങളും വലിയ പട്ടണങ്ങളും വില്ലേജുകളും എല്ലാം ആവശ്യമുണ്ടു്. ഇവയെയെല്ലാം സഹായിക്കേണ്ടതു ഒരു സ്റ്റേറ്റിന്റെ കടമയാണു്. എന്നുവെച്ചു കേന്ദ്രസ്ഥാപനങ്ങൾ ഒരു സ്റ്റേറ്റിൽ ആവശ്യമില്ലെന്നു പറയുന്നതു ശരിയല്ല. ഇപ്പോൾ കൊച്ചി തുറമുഖത്തിനു് ഗവൺമെണ്ടിൽനിന്നു ഒരു കോടി രൂപാ ചിലവാക്കിയിരിക്കണം; അതുകൊണ്ടു എന്റെ വില്ലേജിൽ ഒരു തുറമുഖം വേണം, എന്റെ പട്ടണത്തിൽ ഒരു തുറമുഖം വേണമെന്നു എല്ലാപെരുമനും പറഞ്ഞാൽ അതു പ്രായോഗികമാണോ? അതുപോലെ റയിൽവേയ്ക്കു വേണ്ടി അനവധി പണം ഗവൺമെണ്ടു ചിലവുചെയ്തിട്ടുണ്ടു്. ഇനിയും ചെയ്യേണ്ട ആവശ്യവുമുണ്ടു്. എന്നിട്ടു എന്തുകൊണ്ടു തൃശ്ശൂർക്കുടി ഷൊർണ്ണൂക്കു പോകുന്നവണ്ടി എന്റെ ഉമ്മറംകടന്നു പോകുന്നില്ല എന്നു ഒരു നികുതിദായകൻ ചോദിച്ചാൽ ചിരിക്കുകയെ നിവൃത്തിയുള്ളു. മറുപടി പറയാൻ പ്രയാസം. കേന്ദ്രസ്ഥാപനങ്ങൾ പല രാജ്യങ്ങളിലും ഉണ്ടു്. അവയെയെല്ലാം പരിപോഷിപ്പിക്കേണ്ടതു സ്റ്റേറ്റിന്റെ കടമയുമാണു്. ഉദാഹരണമായി ന്യൂഡൽഹിയിൽ പലേ സ്ഥാപനങ്ങളും ഇൻഡ്യാഗവൺമെണ്ടു പണിയിച്ചിരിക്കുന്നു. ചാവക്കാടു് അതുപോലെ ബ്രിട്ടീഷിൻഡ്യയിൽപ്പെട്ട ഒരു സ്ഥലമാണു്. അതുകൊണ്ടു ന്യൂഡൽഹിയിലുള്ള കേന്ദ്രസ്ഥാപനങ്ങളെല്ലാം ചാവക്കാട്ടം വേണമെന്നു പറഞ്ഞാൽ അതെത്ര പരിഹാസ്യമായിരിക്കും?

ഞാൻ പറയുന്നതു എറണാകുളം ലൈബ്രറിമാത്രമേ പരിഷ്കരിക്കാവു എന്നല്ലാ. എവിടെയെങ്കിലും ഒരു കേന്ദ്ര വായനശാല അത്യാവശ്യമാണു്. അതിനെ നിഷേധിക്കുവാനാർക്കും യാതൊരു ന്യായവുമില്ല. തൃശ്ശൂക്കാർ പറയുന്നു ഞങ്ങളുടെ വായനശാല ഇരുളടഞ്ഞതാണു്. അതുകൊണ്ടു് എറണാകുളത്തു വെളിച്ചം കൊടുക്കരുതെന്നു്. അവരുടെ വായനശാല ഇരുളടഞ്ഞതാണെങ്കിൽ അവിടെ വെളിച്ചം വരുത്തിക്കൊള്ളുക അതിനാരുതിന്നു വിരോധം?

ഈ പ്രമേയത്തിൽ പറയുന്നതു എറണാകുളത്തുള്ള ലൈബ്രറി പരിഷ്കരണമെന്നാണു്. അതു അംഗീകരിച്ചാൽ മറ്റുള്ള ലൈബ്രറിക

LIBRARY ARCHIVES Kerala Legislative Assembly

ളെ പോഷിപ്പിക്കരുതെന്നോ ആവശ്യമുള്ള സ്ഥലങ്ങളിൽ വായനശാല കൾ ഏർപ്പെടുത്തരുതെന്നോ അതിനർത്ഥമാകുമോ? പുരാതനതപഃകൊണ്ടും ഗ്രന്ഥശേഖരംകൊണ്ടും കൊച്ചീസംസ്ഥാനത്തുള്ള ലൈബ്രറികളിൽ പ്ര ഥമസ്ഥാനത്തെ അർഹിക്കുന്നതാണ് എറണാകുളത്തെ വായനശാല. ഒരു കേന്ദ്രഗ്രന്ഥശേഖരമുണ്ടാക്കാനുള്ള എളുപ്പമാർഗ്ഗം അതിനെ പോ ഷിപ്പിക്കുകയാണ്. ഏതുനിലയിൽ ആലോചിച്ചാലും ഈ പ്രമേയോ ദ്ദേശ്യം അനാവശ്യമാണെന്ന് പറയുന്നുണ്ടെങ്കിലതു് അസൂയയോ കു ശുമ്പോകൊണ്ടുമാത്രമാണ്. തലസ്ഥാനപട്ടണത്തിൽ കേന്ദ്രസ്ഥാപന ങ്ങളും ആവശ്യമാണെന്നുള്ള വാദം യുക്തിയുക്തമാണെന്ന് ഇനി യെങ്കിലും ചില ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിയാൽ കൊള്ളാം.

*മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— സാർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. അതോടുകൂടി ഗവൺമെണ്ടു് ഇതു സ്വീക രിക്കാൻ തയ്യാറുണ്ടോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം. ഒരു ലൈ ബ്രറി ഇവിടെ നന്നായിട്ടു പണിയുവാൻ ഗവൺമെണ്ടു് തയ്യാറുണ്ടോ എ ന്നുനോക്ഷിച്ചിട്ടില്ല ഇവിടെ ഈ പിടിവലികളം നടന്നുകഴിഞ്ഞിട്ടുള്ളതു്. ഈ സംഗതി ഗവൺമെണ്ടു് സ്വീകരിക്കാൻ ഉദ്ദേശമുണ്ടെങ്കിൽ തൃശ്ശൂ രും എറണാകുളത്തും ഓരോ ലൈബ്രറി സ്ഥാപിക്കണമെന്നു എനി ക്കൊരുപേക്ഷയുണ്ടു്. ഇതു് ഒരു ഉദ്യോഗസ്ഥനിലെ പ്രതിനിധിയുടെ നില യിൽ ആവശ്യപ്പെടുന്നതാണ്. ഈ രണ്ടിടത്തിലും സാധിച്ചില്ലെങ്കിൽ ഈ അവതാരകന്റെ നിയോജകമണ്ഡലമായ ചാലക്കുടിയിലായാലും തരക്കേടില്ല. ഈ ഉദ്ദേശത്തോടുകൂടിയല്ലേ അദ്ദേഹം ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു എന്നു സംശയിക്കുന്നു. ചിലപ്പോൾ ഇതു് അ വിടേക്കുതന്നെ വന്നോക്കുമെന്നുള്ള അഗാധമായ കണ്ണുകണ്ടുകൊണ്ടാ ണോ അദ്ദേഹം ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് എന്നെ നിക്കറിഞ്ഞുകൂടാ. ഏതുതരത്തിലായാലും ലൈബ്രറി സ്ഥാപിക്കേ ണ്ടതിനെ സംബന്ധിച്ചു മുൻപു് ഒരവസരത്തിൽ ലൈബ്രറിക്കു ഗ്രാ ന്റു വർദ്ധിപ്പിക്കണമെന്നു ഒരുപക്ഷേപം വന്ന അവസരത്തിൽ ഞാ ൻ എന്റെ അഭിപ്രായങ്ങളം പറഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ എ ന്റെ മാന്യസ്നേഹിതൻ അഡ്വൂർ മെമ്പർ അവർകളം പറഞ്ഞിട്ടുള്ളതി നോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരു ലൈബ്രറി സ്ഥാപി ക്കണമെന്നു കാര്യത്തിൽ രണ്ടുപക്ഷമില്ല. അതു് എവിടെ സ്ഥാപിക്ക ണമെന്നു കാര്യത്തിലാണ് തർക്കം. ഇപ്പോൾ ഇവിടെ കണ്ട വഴക്കുകൊ ണ്ടു പറയുകയാണെങ്കിൽ ഈ പ്രമേയത്തിൽ "തൃശ്ശിവപേരൂർ" എ ന്നു ഒരുമെൻറുമെൻറുകൂടി ചേർക്കുകയാണെങ്കിൽ ഈ വഴക്കൊക്കെ ഇല്ലാ താകും. ഇതിനുള്ള പണച്ചിലവു് എത്രയാണ് അനുവദിക്കാൻപോകു ന്നു് എന്നറിഞ്ഞില്ല. രണ്ടിടത്തിലും ഒരുപോലെയായാൽ കൊള്ളാം. തൃശ്ശിവപേരൂർ ഒരു ലൈബ്രറിയുണ്ടെങ്കിൽ ഞങ്ങൾക്കു കൂടുതൽ ഉപ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യോഗമുണ്ട്: ഞങ്ങൾക്കു അടപ്പം അധികവും തൃശ്ശൂരിനോടാണ്. അതുകൊണ്ടു ഈ പ്രമേയത്തെ സപ്പോർട്ടചെയ്യുന്നു.

*മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Vadakkancherri*).— സർ, ഈ പ്രമേയത്തെപ്പറ്റിയുണ്ടായ പ്രസംഗങ്ങളിൽനിന്നു ചില പുതിയ സംഗതികളെല്ലാം പുറത്തുവന്നുകാണുന്നുണ്ട്. ബഹുമാനപ്പെട്ട അന്തിക്കാട്ടു മെമ്പർ അവർകൾ ഇവിടെ പ്രസ്താവിച്ചതായ സംഗതികളിൽനിന്നു എണ്ണത്തിൽ കുറവാണെങ്കിലും ഉള്ളതുകൊണ്ടു അവനവന്റെ കാര്യം നിവൃത്തിക്കുവാൻ തുണിയുള്ളവരാണ് തൃശ്ശൂർക്കാർ എന്നു കാണിച്ചിട്ടുണ്ട്. അയ്യായിരത്തോളം പുസ്തകങ്ങളേയുള്ളുവെങ്കിലും ഏഴായിരത്തിലധികം പുസ്തകങ്ങളുള്ള എറണാകുളം ലൈബ്രറിയിൽനിന്നും പുറത്തുകൊടുക്കുന്നതിനേക്കാൾ അധികം പുസ്തകം തൃശ്ശൂർ ലൈബ്രറിയിൽനിന്നും കൊടുക്കുന്നുണ്ടെന്നു കാണിച്ചിട്ടുണ്ട്. ഇവിടെ ഏഴായിരം പുസ്തകമുണ്ടെങ്കിലും കുറവായിട്ടേ പുറത്തു കൊടുക്കുന്നുള്ളൂ എന്നു പറയുന്നതിൽ കാരണമുണ്ട്. പുസ്തകമെടുത്തു വായിക്കുന്നതിനു ഇവിടെ മഹാരാജാസ് കോളേജ് ലൈബ്രറിയും വേറെ ലൈബ്രറികളുമുണ്ട്. അതുകൊണ്ട് എറണാകുളത്തുകാർക്കു പുസ്തകവായനക്കു വേറെ സൌകര്യമുണ്ട്. ഈ പ്രമേയംകൊണ്ടു ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതു് ഒരു മോഡേൺ ലൈബ്രറി വേണമെന്നാണ്. അതു തിരുവനന്തപുരത്തുള്ളതുപോലെയോ അതിലും ഉയന്തരത്തിലുള്ളതുപോലേയോ ആയിരിക്കണം. അതു വളരെ നല്ലകാര്യമാണ്. ഒരു മോഡേൺ ലൈബ്രറി ഈ രാജ്യത്തിലെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ളതിനെപ്പറ്റി ആരും തർക്കംപറയുന്നില്ല. പക്ഷെ ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി നാം ആലോചിക്കുമ്പോൾ അവശ്യം, അത്യാവശ്യം, അനാവശ്യം എന്നുള്ള ഭാഗങ്ങൾ തന്നെ ചൂഴിഞ്ഞുനോക്കേണ്ടതു് ബുദ്ധിയുള്ള ഏവന്റേയും ചുമതലയാണ്. എറണാകുളമാകട്ടെ നമ്മുടെ രാജ്യത്തിന്റെ തലസ്ഥാനനഗരിയാണ്. അടുത്തകാലത്തു എറണാകുളത്തുണ്ടായിരുന്ന കാണാൻ കൊള്ളരുതാത്ത പല ഭാഗങ്ങളും വളരെ ഭംഗിയായി നന്നാക്കപ്പെട്ടിട്ടുണ്ട്. ഒരു പാക്കും ഇല്ലാതിരുന്ന ഇവിടെ രണ്ടല്ലാ മൂന്നു പാക്കുണ്ട്. അതിൽ സ്ത്രീപുരുഷന്മാരെ വിഭാഗിക്കുകയും ചെയ്തു. ഇങ്ങിനെ മൂന്നു പാക്കുകളെക്കൊണ്ടു നമ്മുടെ കടലോരം ചിത്രീകൃതമായിട്ടുണ്ട്. പക്ഷെ റയിൽവെസ്റ്റേഷനിലിറങ്ങി, ഡർബാർ ഹാൾവരെ പോയി ചിറ്റൂർ റോഡിൽ എത്താതെ, അതിന്റെ ഇടയിലുള്ള റോഡിൽക്കൂടി പോയാൽ, ഇവിടെ ഒരു മോഡേൺ ലൈബ്രറിയോ അതോ വേറെവല്ലതുമാണോ വേണ്ടതെന്നു നല്ലപോലെ മനസ്സിലാക്കാൻ സാധിക്കും. ഇതെല്ലാം വിസ്മരിച്ചുകൊണ്ടാണ് ലൈബ്രറി വേണമെന്നു പറയുന്നതു്. എറണാകുളത്തു് ചിറ്റൂർ റോഡും ബ്രാഡ്വേയും ഒഴിച്ചുള്ള റോഡുകളിൽക്കൂടി പോയാൽ ഈ അനുഭവം അറിയാം. മോഡേൺ ലൈബ്രറിയുടെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കായ്യം കുറെക്കൂടി നീട്ടിവെച്ചതിന്നുശേഷം അതിന്റെ പണം, അവർ സമ്മതിക്കുമെങ്കിൽ ഇങ്ങിനെയുള്ള പ്രവൃത്തികളിലേക്കു ഉപയോഗിക്കുന്നതായിരിക്കും ഒരു ബുദ്ധിയുള്ള ഗവമ്മെണ്ടിന്റെ പ്രവൃത്തിയെന്നാണു് ഞാൻ പറയുന്നതു്. ഈ സംഗതിയെക്കുറിച്ചെല്ലാം ഗവമ്മെണ്ടു മുൻപുതന്നെ ആലോചിച്ചിട്ടുണ്ടാകുമെന്നാണു് എന്റെ വിശ്വാസം. അനാവശ്യമായി ഒരു പ്രതിപത്തി എറണാകുളത്തോടു കാണിക്കുന്ന ഒരു ഗവമ്മെണ്ടാണു് ഇന്നു കൊച്ചിയിലുള്ളതു് എന്നു പറയുവാൻ ഞാൻ തുനിക്കുമില്ല. പക്ഷെ, ഇതിനേക്കാൾ അത്യാവശ്യമായ സംഗതികൾ പലതുമിരിക്കേ, നമ്മുടെ ധനസ്ഥിതിയെന്താണെന്നു പലരും അറിയുന്ന സ്ഥിതിക്കു ഈവക കായ്യങ്ങളിൽ കുറച്ചു മനസ്സുവച്ചേ പ്രവൃത്തിക്കുവാൻ പാടുള്ളൂ എന്നാണു് എനിക്കു ഗവമ്മെണ്ടിനോടു പറയുവാനുള്ളതു്.

മിസ്റ്റർ എ. നാരായണമേനോൻ (*Vyttila*).— സർ, ആവശ്യം അത്യാവശ്യം അനാവശ്യം എന്നീ പദങ്ങളെ ഒന്നു ഗവേഷണംചെയ്യുകയാം. ബാക്കിയുള്ള ഭാഗങ്ങൾക്കുള്ള മറുപടി എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ അഡ്വർ മെമ്പർ അവർകൾ നല്ലവണ്ണം പറഞ്ഞിട്ടുണ്ടു്. എറണാകുളം വടക്കെ നിയോജകമണ്ഡലം മെമ്പർ അവർകളും പറഞ്ഞിട്ടുണ്ടു്. എറണാകുളത്തു ചില ഭാഗങ്ങൾ മലിനമായി കിടപ്പുണ്ടെന്നു പറഞ്ഞതു് വാസ്തവമാണു്. സാംസ്കാരികമായിട്ടുള്ള അഭിവൃദ്ധിക്കു എന്തെങ്കിലും ചെയ്യണമെന്നു പറയുമ്പോൾ അതു് ആരോഗ്യവർദ്ധനക്കാവശ്യമായ കായ്യങ്ങളൊക്കെ കഴിഞ്ഞിട്ടുവേണമെന്നു പറയുന്നതിന്റെ അർത്ഥം വളരെ തടിയന്മാരായിട്ടുള്ള ആളുകളെ ഉണ്ടാക്കി, അതിനും മുന്നാരെ സൃഷ്ടിച്ചുവിടണമെന്നാണു്. ഈ നിലയിൽ നോക്കുമ്പോൾ നല്ലവണ്ണം ചോറുകൊടുത്തു് തടിപ്പിച്ചതിന്നുശേഷം പഠിപ്പിച്ചാൽ മതിയെന്നാണു്. കുറെ മുന്നാരെ സൃഷ്ടിച്ചുവിടുക എന്നോ അതിനു് അർത്ഥം വരികയുള്ളൂ. ഈ സ്ഥിതിക്കു സാംസ്കാരികമായിട്ടുള്ള ഉത്സാഹങ്ങൾ ഒരിക്കലും നടത്തുവാൻ സാധിക്കുകയില്ല.

ഇനി എനിക്കു ലൈബ്രറിയെസംബന്ധിച്ചു ഒരു സംഗതി പറയാനുണ്ടു്. ഇംഗ്ലീഷുപുസ്തകങ്ങളുടെ കായ്യംമാത്രമേ ഇപ്പോൾ ഇവിടെ നോക്കിവരുന്നുള്ളൂ. അതുപോര. സംസ്കൃതത്തിലും മലയാളത്തിലും ഉള്ളതായ ഒന്നാന്തരം ഗ്രന്ഥങ്ങൾ, പാരായണോപയോഗ്യങ്ങളായ ഗ്രന്ഥങ്ങൾ എല്ലാം ശേഖരിക്കണം. അങ്ങിനെയുള്ള ഒരൊന്നാന്തരം സ്റ്റെയിറു ലൈബ്രറിയാണു് നമുക്കു വേണ്ടതു്. തൃശ്ശൂർക്കാർക്കു ഒരു ലൈബ്രറി വേണമെന്നു ഒരു പ്രമേയം കൊണ്ടുവരുമ്പോൾ ഞങ്ങൾ അതിനും വോട്ടചെയ്യും. ഇപ്പോൾ എറണാകുളത്തു, കൊച്ചീരാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ ഒരു നല്ലതായ ലൈബ്രറി വേണമെന്നേ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളൂ. മഹാരാജാസ് കോളേജു്, ഒരൊന്നാന്തരം ഹാർബർ, കച്ചവടത്തിലും വ്യവസായത്തിലും വളരെ ഉയർന്ന നിലയിൽ വരാവുന്ന ഒരു നഗരം, എന്നിങ്ങിനെയുള്ള ഇവിടെ തിരുവനന്തപു

LIBRARY ARCHIVES Kerala Legislative Assembly

രത്തെ ലൈബ്രറിയെപ്പോലെയൊ അതിലും ഉപരിയായവിധത്തിലൊ ഉള്ള ഒരു ലൈബ്രറി വേണമെന്നാണ് ഞാൻ പറയുന്നത്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉള്ള സംഗതികൾക്കാണ് ആലോചനയുള്ളവർ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. അവ ഉപേക്ഷിച്ചു കേവലം ശാരീരികമായിട്ടുള്ള കാര്യങ്ങളെ പോഷിപ്പിച്ചാൽ മാനസികമായിട്ടുള്ള സംസ്കാരം വളരാതെ പോകുന്നതാണ്. മനുഷ്യക്ക് അത്യാവശ്യമായിട്ടുള്ളത് അധികവും മാനസികസംസ്കാരമാണ്. അതുണ്ടാക്കിയില്ലെങ്കിൽ വലിയ അപകടകരം വന്നുചേരുവാൻ ഇടയുണ്ട്. ജനങ്ങളുടെയിടയിൽ സമാധാനപരമായ ജീവിതം ഇല്ലാതാകും. പാമരന്മാർ വർദ്ധിക്കും. അതുമൂലം ജനങ്ങളുടെ മേലാലുള്ള പരിപുഷ്ടിവരെ അപകടത്തിൽ ആകുകയും ചെയ്യും. അതുകൊണ്ട് സംസ്കാരപരമായ ഈ വിഷയത്തെപ്പറ്റി ഞാൻ പറയുന്നത് ഇതു ആവശ്യമല്ല അത്യാവശ്യമാണെന്നാണ്. അതുകൊണ്ടു ബഹുമാനപ്പെട്ട സാമാജികന്മാർ ഈ പ്രമേയത്തെ ഐകകണ്ഠ്യേന പാസാക്കുമെന്നു വിശ്വസിക്കുന്നു.

Mr. M. V. Cherian (*Mattancheri, South*).— I move for a closure of the discussion.

Dr. A. R. Menon (*Pallippuram*).—I second it.

Motion was put and carried.

* **Rao Sahib I. N. Menon** (*Director of Public Instruction*)— Mr. President, Sir, I have been listening with rapt attention to the very variegated speeches that have been delivered on this question. The resolution appeared to me at first to be one not capable of exciting so much of discussion. There are two parts of the resolution which I wish to keep separate and to discuss separately. The first deals with the establishment of a model library at Ernakulam, and the second the institution of a committee to enquire into the ways and means to be adopted for the development of the Ernakulam Library.

In regard to the first part of the resolution, the advisability or the desirability of having a model library at Ernakulam, I do not think that there can be room for two opinions. In fact, even the Hon'ble Members who hail from the northern division of the State would not have opposed the motion if they had the assurance of being granted a library of their own and that it would not in any way jeopardise or minimise the chances of a similar concession to Trichur. But very reasonably, very astutely they feel that such economic concessions are always

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

made in such a way that the more that one gets, the less is left to the other.

Sir, this resolution has been referred to by some Members of this House as an old one. I am not quite certain about that. The previous resolutions were for certain specific improvements to be effected in the Ernakulam library. As it exists, the present resolution demands that a well-equipped model library should be started in Ernakulam presumably at Government expense. In other words, it contemplates a financial help which the present condition of our revenues and our allocation to the present schools and colleges do not admit. My first impulse by way of treating this resolution was to tell the Hon'ble Members or the Hon'ble mover that the Ernakulam Public Library is entirely a non-official business and Government have no sort of concern with it beyond paying Rs. 600 a year at present.

Mr. A. V. Moothedan (*Chalakkudy*).—I say that it is not enough.

Rao Sahib I. N. Menon *(Director of Public Instruction).*—I said that it was my first impulse. What I wish to inform this Hon'ble House is that even the most elastic of national revenues reach a stage when the upward tendency ceases and I am afraid we are now reaching that stage. It is not possible for this State to make any immediate increase in our resources and as such we would require greater economies in the expenditure that we have already allotted. We have on the legislative anvil a bill for compulsory primary education—a very necessary measure indeed. Now in regard to urban areas, in spite of all the desirability that a well-equipped library possesses in itself, a library is a luxury, whereas in urban rural areas it is part of an educational programme, it is part of adult education. As a matter of fact in the absence of any Acts regulating the hours of labour and the impossibility of successfully running night schools, the only possible means is a rural library and as such Hon'ble Members will kindly realise that when Government say that they want to spend all the money that is available on rural libraries, they are not talking without sense of proportion. It is after fully realising the urgency of the thing, it is after fully realising the proportionate space, that the two institutions are kept in national economy, that they have for the present chosen to release more funds for the more rapid spread of rural libraries. This does not of course mean that either the existing facilities for the reading public in the towns are adequate

LIBRARY ARCHIVES Kerala Legislative Assembly

or that such facilities should not be developed after some time. But as has been pointed out from the other side of this House, in other connections, it is only natural in a world, particularly of the present type, that the more fed get more nourished and the town with all its amenities, many-sided developments, with its numerous gardens, have been getting more than the rural areas. They have been in a sense the silent witnesses of amenities in towns. And taking the entire field of national achievement it has been repeatedly stated that we should develop, that we should devote more funds for the library movement in rural areas.

With regard to the immediate steps that should be taken for the development of the Ernakulam library, I would say that the members of the library themselves should exert and allow Government to release the funds which they now possess for the betterment of the urban areas.

With regard to the committee, the library being an entirely non-official one at present, it is the opinion of Government that Government should not have a hand in appointing such a committee or in having anything to do with the deliberations. The Hon'ble mover of this resolution should not be under the impression that we are washing our hands. Not at all. If the members of the library constitute themselves into a committee of three or five and consider the question and also suggest the immediate ways and means and to find resources for the interim development, Government are willing to render whatever help they can.

Mr. A. V. Moothedan *(Chalakkudi).*—I am very thankful for the helpful suggestions given by the Hon'ble Members of this House. It is unanimously admitted that a Central Library is highly necessary but the dispute is as to whether the library is to be situated at Ernakulam or Trichur. Personally, I have great many associations with Trichur—I was educated at Trichur and I am in great sympathy with every movement in Trichur. But considering all aspects of the question I think that the library should be situated at Ernakulam. That is my humble view.

Then several statistics were placed before us by the Hon'ble Member for Anthikad. He quoted certain figures to show that more books were circulated at Trichur than at Ernakulam. Here almost all the books are rotten and in an unfit condition to be circulated. That is why they are not circulated. Here,

LIBRARY ARCHIVES Kerala Legislative Assembly

they have no funds to bind them. Not that there was no demand for books but because they are not in a fit condition to be handled.

Mr. V. K. Krishnankutty *(Anthikad).*—What about the smaller number of subscribers?

Mr. A. V. Moothedan *(Chalakkudi).*—They keep a high rate of subscription. That also will be one of the points to be considered by the committee. My idea is that in the whole State there should be a net work of libraries in the shape of rural libraries, public libraries, college libraries. I want a good library at Tricour and another at Mattancherri, and another at Chalakkudi also. We cannot start all at once. But we have to make a beginning. I am not so parochial that I should have a library at Ernakulam only. Therefore, I hope Hon'ble Members will support my resolution.

Then another thing about the details. What I want now is a small committee consisting of 3 members to be appointed. Let them bring certain concrete suggestions. That report will be placed before the House and then the House will have an opportunity to discuss. Certain resolutions will be passed and Government may consider them. What I want is that a small committee should be appointed so that they may make practical suggestions.

Mr. T. A. Ramachandra Ayyar *(Nellayi).*—You yourself appoint a committee.

Mr. A. V. Moothedan *(Chalakkudi).*—If the Government appoint a committee it will have more power and prestige. Therefore, I would request the House to discard all ideas about Trichur, Mattancherri and Eruakulam and take the library movement as a whole. I hope Hon'ble Members will support this motion. There is nothing at all dangerous here. I press the motion.

Rao Sahib I. N. Menon *(Director of Public Instruction).*—Government are in sympathy with the mover that the library should be improved. Government are not for appointing a committee. It is entirely a non-official business.

Dr. A. R. Menon *(Pallippuram).*—Government only gives a grant.

Rao Sahib I. N. Menon *(Director of Public Instruction).*—Why do you want this inroad into the freedom of the Ernakulam library?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan *(Ezhuvas South)*.—You can enquire into the matter.

Mr. President.—The property in the library is vested in a committee. It is not Governmental. As a matter of fact I had a deputation from the committee in which they asked for an increase in the grant. I suggested to them that they ought to get a grant from the Ernakulam municipality since it is situated within the municipality. How can Government appoint a committee to enquire into an institution the property of which is vested in a non-official committee?

Mr. A. V. Moothedan *(Chalakkudi)*.—What I want is to suggest some ways and means to improve it. For the present, I may be allowed to withdraw the resolution.

Resolution was, by leave, withdrawn.

33. Remission of Land-tax.

Mr. E. Ikkanda Warriar (*Urakam*).—"*This Council recommends to the Government to reduce the land tax by 25 per cent in the coming year*".

The resolution is self-evident. I do not therefore propose to make any speech.

Mr. P. Govinda Menon *(Adur)*.—I second it.

Mr. K. Achyuta Menon (*Diwan Peishkar*).—Mr. President, Sir, I am handicapped by the absence of a speech. The Hon'ble the mover does not speak what he means. I oppose it without making any speech.

Dr. A. R. Menon *(Pallippuram)*— Sir, this matter is not one to be so lightly treated as was done by the mover and the Government representative.

Mr. E. Ikkanda Warriar *(Urakam)*—It was not treated lightly by the mover.

Dr. A. R. Menon *(Pallippuram)*.—I think he ought to have brought the reasons why he brought such a preposterous proposition, or a proposition that seems to be so preposterous.

Mr. K. Achyuta Menon *(Diwan Peishkar)*.—I did not say so.

* **Dr. A. R. Menon** *(Pallippuram)*.—Now, Sir, while the neighbouring Government was giving a concession last year,

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly